കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താന്ന്യം ഗ്രാമപഞ്ചായത്ത്
2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി2)255/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:11.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

താന്ന്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം – താന്ന്യം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1ഖണ്ഡികയിലേക്കും ഭാഗം 3 ലെ 3-10ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി2)255/19 തിയതി.11/06/2019

## തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)
തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.08.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 15 എണ്ണം നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.1.19 മുതൽ 31.1.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫി ജോൺ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.വിദ്യ വിക്രമൻ അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ ഇ.കെ അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിജ്ജ സി.എസ് ഓഡിറ്റർ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗ പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ബെന്നി ഡേവീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | എ.ജെ വിവെൻസി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ധന്യ ഭാഗ്യനാഥ് | 01.04.2017 മുതൽ 12.10.2017 FN വരെ |
| | അന ബേബി | 12.10.2017 AN മുതൽ 28.10.2017 FN വരെ |
| | ധന്യ ഭാഗ്യനാഥ് | 28.10.2017 AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. റെജീന | 01.04.2017 മുതൽ 09.03.18 FN വരെ |

| | | |
|---|---|---|
| | ഡോ. മുജീബ് അലി | 09.03.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഇല്ല | ഇല്ല |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സുനന്ദ വി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ചിഞ്ചു മരിയ കുര്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രധാന അദ്ധ്യാപിക | ലത കെ.എം | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.(താന്ന്യം സർക്കിൾ) | രശ്മി പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.(ചാഴൂർ സർക്കിൾ) | ജ്യോതി പി.വി | 01.04.2017 മുതൽ 30.06.2017 FN വരെ |
| | ബീന വി.എം | 30.06.2017 AN മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ബിന്ദു ഐ.എസ് | 01.04.17 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജിജി ജോർജ്ജ് | 01.04.2017 മുതൽ 26.05.2017 വരെ |
| | നിത ജോൺ | 27.05.17 മുതൽ 12.09.17 വരെ |
| | പ്രമീന | 13.09.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | മഞ്ജു ബി | 01.04.2017 മുതൽ 15.07.2017 FN വരെ |
| | സ്മൃതി വസുദേവ് | 15.07.2017 AN മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | വിനോദ നികുതി – പിരിവ് രജിസ്റ്ററുകളുടെ പരിപാലനത്തിലെ അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി – എൻക്വയറിയെ തുടർന്ന് അടവാക്കി – മറ്റു അപാകതകൾ | 2-2 |

| | | |
|---|---|---|
| 15 | ട്രേഡേഴ്സ് ലിസ്റ്റ് സഞ്ചയ പ്രകാരം പൂർണ്ണമല്ല:ഡി ആന്റ് ഒ ലൈസൻസ് നൽകൽ-പരിശോധന-മറ്റു അപാകതകൾ | 2-3 |
| 16 | ലൈവ് സ്റ്റോക്ക് ഫാമുകളെ സംബന്ധിച്ച് | 2-4 |
| 17 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ-അപാകതകൾ | 2-5 |
| 18 | വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ്-അപാകതകൾ | 2-6 |
| 19 | സാംഖ്യ സഞ്ചയ സംയോജനം – പ്യൂരിഫിക്കേഷൻ അവലോകനം | 2-7 |
| | ഭാഗം-3 | |
| 20 | പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനത്തിലെ അപാകത | 3-1 |
| 21 | തെരുവ് വിളക്ക് പരിപാലനം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 22 | കന്നുകുട്ടി പരിപാലനം – പദ്ധതിയിൽ നിന്ന് വിട്ടുപോയ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുക, ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യുതിലും കുറവ് അടവാക്കി | 3-3 |
| 23 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 24 | എച്ച്.ഐ.വി ബാധിതർക്ക് സഹായം – ജില്ലാ പഞ്ചായത്ത് നടപ്പിലാക്കേണ്ട പദ്ധതി | 3-5 |
| 25 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി – അപാകതകൾ | 3-6 |
| 26 | KMSCL – മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-7 |
| 27 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം | 3-8 |
| 28 | കൃഷി അനുബന്ധ മേഖല – അവലോകനം – സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത് | 3-9 |
| 29 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-10 |
| 30 | പരിശോധനയ്ക്ക് സഹായകമായ രീതിയിൽ ഫയൽ സൂക്ഷിക്കുന്നില്ല. | 3-11 |
| | ഭാഗം-4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 41 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28/03/2017 തീയതിയിലെ 42(2)/2017 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20/3/2018 തീയതിയിലെ 138(1)/18 ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 26.5.2018 | 26/05/2018 | 22/06/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22/06/2018, 23/06/2018 | കെ എസ് എ ടി എസ് ആർ (ഇ3) 1150/18(75) /30-07-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20930697 |
| വരവ് | 73717535 |
| ആകെ | 94648232 |
| ചെലവ് | 87981954 |
| നീക്കിയിരിപ്പ് | 6666278 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 13829731 | 13829731 | 12639704 | 1190027 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 10289898 | 10289898 | 9988885 | 301013 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6308000 | 6308000 | 6282511 | 25489 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3982884 | 3982884 | 3922990 | 59894 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 7208946 | 7208946 | 7074958 | 133988 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2942938 | 2942938 | 2799777 | 143161 |
| സാക്ഷരത | | | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+material cost | | 16644164 | 16644164 | 16644164 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11414 | 1166231 | 1177645 | 1164724 | 12921 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| TSC | | 0 | 0 | 0 | 0 | 0 |
| ICDS | | 849531 | 307788 | 1157319 | 872633 | 284686 |
| M P FUND | | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| PYCKA | | 16000 | 0 | 16000 | 0 | 16000 |
| NMBS(ബേട്ടി ബച്ചാവോ ബേട്ടി പാഠാവോ) | | 0 | 41000 | 41000 | 7666 | 33334 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ശുചിത്വ മിഷൻ) | | 336000 | 149038 | 485030 | 17000 | 468038 |
| SC Development | | 0 | 148366 | 148366 | 148366 | 0 |
| Ayurvedam | | 0 | 0 | 0 | 0 | 0 |
| MLA Fund(NCFRW) | | 0 | 627994 | 627994 | 627994 | 0 |
| Keralolsavam | | 0 | 15000 | 15000 | 0 | 15000 |
| Vimukthi | | 25000 | 12500 | 37500 | 0 | 37500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 136297 | 1300500 | 1436797 | 1299962 | 136835 |
| | ജില്ലാ പഞ്ചായത്ത് | 0 | 1730000 | 1730000 | 1718922 | 11078 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 76200 | 76200 | 76200 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 28860500 | 28860500 | 28860500 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 7534300 | 7534300 | 7534300 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1779700 | 1779700 | 1779700 | 0 |
| വിധവ പെൻഷൻ | | 0 | 14462900 | 14462900 | 14462900 | 0 |
| വികലാംഗ പെൻഷൻ | | 0 | 3630600 | 3630600 | 3630600 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 390000 | 390000 | 390000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 160283 | 160283 | 160283 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | യൂണിയൻ ബാങ്ക് | 11414 | 1166231 | 1177645 | 1164724 | 12921 |
| | എസ് ബി ഐ (എസ് ബി) | 400 | 4923158 | 4923558 | 3956116 | 967442 |
| | കോ-ഓപ്പറേറ്റീവ് ബാങ്ക് | 8187153 | 14644445 | 22831598 | 17851897 | 4979701 |
| | ട്രഷറി അക്കൗണ്ട് | | | | | |
| | ട്രഷറി STSB | 12731095 | 14536776 | 27267871 | 25896414 | 1371457 |
| | J V STSB | 0 | 4671978 | 4671978 | 5406926 | -734948 |
| മറ്റിനം | | | | | | |
| ഭവനനിധി | | 0 | 0 | 0 | 0 | 0 |
| TDCB FD | | 0 | 0 | 0 | 0 | 0 |
| e-payment | | 0 | 50388 | 50388 | 10000 | 40388 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 164 | 69437068 | 137 | 49603679 | 21 | 6 | 83.54 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളുടെ പേര്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിൻറെ പേര് | സ്പിൽ ഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 1 | S 0149/18 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് | പുതിയത് | 750000/- |
| 2 | S 0151/18 | ഖരമാലിന്യ സംഭരണം | പുതിയത് | 150000/- |
| 3 | S 0167/18 | പഞ്ചായത്ത് ലൈബ്രറിയിലേക്ക് ആനുകാലികങ്ങളും നെറ്റ് കണക്ഷനും | പുതിയത് | 40000/- |

| | | | | |
|---|---|---|---|---|
| 4 | S 0171/18 | IMA Blood Bank ന് വിഹിതം നൽകൽ | പുതിയത് | 100000/- |
| 5 | S 0172/18 | ഭിന്നശേഷിക്കാർക്ക് റീസോഴ്സ് സെൻറർ തുടങ്ങൽ വിഹിതം നൽകൽ | പുതിയത് | 50000/- |
| 6 | S 0140/18 | കണ്ണൻചിറ കൾവർട്ട് പുളിക്കെട്ട് | പുതിയത് | 1480000/- |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11414 | 1166231 | 1177645 | 1164724 | 12921 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 16644164 | 16644164 | 16644164 | 0 |

## 1-8 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 76200 | 130 |
| കർഷകതൊഴിലാളിപെൻഷൻ | 7534300 | 653 |
| വിധവാപെൻഷൻ | 14462900 | 1227 |
| വാർദ്ധക്യകാലപെൻഷൻ | 28860500 | 2311 |
| വികലാംഗപെൻഷൻ | 3630600 | 303 |
| 50 വയസ്സിനുമേൽപ്രായമുള്ള അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 1779700 | 149 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-1-2019ൽ 2.45 pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30986/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ഫ്രണ്ട് ഓഫീസ് ഡയറി ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ഗുണഭോക്താക്കളായ പൊതുജനത്തിന് സേവനം നൽകുന്നു എന്നുറപ്പാക്കാനുള്ള അടിസ്ഥാന രേഖയാണ് ഫ്രണ്ട് ഓഫീസ് ഡയറി എന്നിരിക്കെ പ്രസ്തുത ഡയറി ശരിയായി എഴുതാതിരിക്കുന്നതിലൂടെ സേവനം പ്രദാനം ചെയ്യുന്നത് പരിശോധിക്കാനുള്ള സംവിധാനം 2017-18 സാമ്പത്തിക വർഷത്തിൽ ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാണ്. ഫ്രണ്ട് ഓഫീസ് സൂപ്പർവൈസറുടെ പരിശോധനയും ഈ കാലഘട്ടത്തിൽ നടന്നിട്ടില്ല.

2.പ്രൊജക്റ്റ് രൂപീകരണ ഫോറത്തിൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ നൽകിക്കാണുന്നില്ല. ഉദാഹരണത്തിന് അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായ സാഫല്ല്യറോഡ് മരാമത്ത് പ്രവൃത്തിയുടെ പ്രൊജക്റ്റ് രൂപീകരണഫോറത്തിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരം അനുവദനീയമാണോ എന്ന ചോദ്യത്തിന് അല്ല എന്ന ഉത്തരമാണ് നൽകിയിരിക്കുന്നത്.

3.കേരള ഫിനാൻഷ്യൽ കോഡിൽ ടെണ്ടർ ഫോറങ്ങൾക്കും രജിസ്റ്ററുകൾക്കുമായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത നിയമനിഷ്കർഷ പാലിച്ചുകാണുന്നില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ശരിയായ രീതിയിൽ പാലിക്കാത്തതിനാൽ പരിശോധന അസാധ്യമായിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/01/2019 | 2018-19(December 2018) | 08/01/2019 |
| അക്കൗണ്ടന്റ്ജനറൽ | 18/04/2011 | 2010-11 | 26/05/2011 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയില്ല.അതിനാൽ വസ്തു നികുതി സംബന്ധിച്ച യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

3.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി))

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. രജിസ്റ്ററിൽ Cost, Depreciation എന്നീ ശീർഷകങ്ങൾ ഉണ്ടെങ്കിലും സചിത്ര സോഫ്റ്റ്വേർ അപ്ഡേറ്റ് ചെയ്യാത്തതിനാൽ മൂല്യം രേഖപ്പെടുത്തപ്പെടുന്നില്ല.

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 451818രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം, വില രേഖപ്പെടുത്തി വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

6.ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 1450267 |
| 280100102-Prior period income-Professional tax Institution/Professional/traders | (1610) |
| 280100104-Prior period income-Property tax on non residential buildings | 448698 |
| 280600401-Prior period Expenses-Recovery of Unutilised Grants to government | (248) |

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ

ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (14,264,419) രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12,661,596) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. 2016-17 സാമ്പത്തിക വർഷത്തിൽ Advance to implementing agencies-deposit with KWA എന്ന ശീർഷകത്തിൽ നീക്കിയിരിപ്പ് 21,13,000 രൂപയാണ്. Advance register പരിശോധിച്ചതിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 2,94,000 രൂപ (34,000+2,60,000) വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. കൂടാതെ 3,15,000 രൂപ വാട്ടർ അതോറിറ്റി പഞ്ചായത്തിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിലെ നീക്കിയിരിപ്പ് 20,92,000 രൂപയാണ് എന്നിരിക്കെ വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 24,07,000 രൂപയാണ്.

9. നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ്ബുക്ക് 7A കാഷ്ബുക്ക് രജിസ്റ്ററിൽ എഴുതിസൂക്ഷിക്കുന്നില്ല(പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 16))

10. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിനോദനികുതി-പിരിവ് രജിസ്റ്ററുകളുടെ പരിപാലനത്തിലെ അപാകതകൾ

1) ടിക്കറ്റ് സീൽ രജിസ്റ്റർ, സീൽ ചെയ്തു നൽകുന്നതനുസരിച്ചുള്ള ഡിമാന്റ് കളക്ഷൻ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

01.4.2017മുതൽ 30.6.2017 വരെയുള്ള കാലയളവിൽ വിനോദനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 10,32,447 രൂപ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ടിക്കറ്റ് സീൽ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. വിനോദനികുതി അടവാക്കുന്നതനുസരിച്ച് ഒരു കളക്ഷൻ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ടിക്കറ്റ് സീൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ കാലയളവിൽ സീൽ ചെയ്തു നൽകിയ ടിക്കറ്റുകളുടെ എണ്ണം വ്യക്തമല്ല. സീൽ ചെയ്തു നൽകിയ ടിക്കറ്റുകളുടെ എണ്ണം പരിശോധനാവിധേയമാക്കിയിട്ടില്ല.

2) ലഭ്യമാക്കിയ രജിസ്റ്ററിൽ സർവ്വീസ് സെസ്സ് വിവരം രേഖപ്പെടുത്തിയിട്ടില്ല
1-4-2017 മുതൽ 30.06.17 വരെയുള്ള കാലയളവിലെ സിനിമാസെസ്സ് തിയ്യറ്ററുകാരിൽ നിന്നും ഈടാക്കിയ വിവരം,31.3.2017 ൽ ബാലൻസ് നിൽക്കുന്ന സെസ്സ് വിവരം, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയ വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

ഈ ഇനത്തിൽ തിയറ്ററുകൾ ഈടാക്കിയ സെസ് തുക (01.4.2017 മുതൽ 30.6.17 വരെയുള്ളത് എന്ന് ബിൽ രജിസ്റ്റർ പ്രകാരം വ്യക്തമാക്കിയിരിക്കുന്നു)

255909/- രൂപ, ചെക്ക് നം 175821/11.7.17 വൗച്ചർ നം 21700303/11.7.17

2451/- രൂപ, ചെക്ക് നം. 184916/10.11.17 വൗച്ചർ നം. 21700713/10.11.17 ആകെ 258360/-രൂപ ഗ്രാമപഞ്ചായത്തിൽ നിന്നു ബിൽ രജിസ്റ്റർ പ്രകാരം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക്അടവാക്കിയിട്ടുണ്ട്. ഒരു ടിക്കറ്റിനു സെസ്സ് 3 രൂപ നിരക്കിൽ 86120 ടിക്കറ്റുകൾ ടി കാലയളവിൽ വിറ്റഴിച്ചതായാണ് ഇതിൽ നിന്നു അനുമാനിക്കേണ്ടത്.

എന്നാൽ 31.3.2017 ൽ 9267 ടിക്കറ്റുകൾ റിട്ടേൺ ചെയ്തതു ഭൗതിക പരിശോധനയിൽ കണ്ടു.എന്നാൽ ഇതു സംബന്ധിച്ച് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല -2016-17 ബാലൻസ് ഷീറ്റ് പ്രകാരം 56859 രൂപ B9- Refund payable -Entertainment Tax ഇനത്തിൽ liability ആയിട്ടുണ്ട്.അതായത് 2016-17 ൽ ,56859/3=18953 ടിക്കറ്റുകളുടെ സെസ്സ് ബാലൻസ് കാണുന്നുണ്ട്. ഈ തുകയാണ് 2017-18 ലെ സെസ്സ് തുകയുടെ മുന്നിരിപ്പായി ചേർത്തു ആകെ 258360/- രൂപ തൻവർഷം അടവാക്കിയിട്ടുള്ളത്.കണക്കുകൾ പ്രകാരം 258360-56859=201501/3=67167 ടിക്കറ്റുകൾക്കുള്ള സെസ്സ് ആണ് തൻവർഷം അടവാക്കിയിട്ടുള്ളത്. (31.3.2017 ലും വിനോദനികുതി അടവാക്കിയിട്ടുണ്ട്)

2016-17 ൽ ടിക്കറ്റുകൾ റിട്ടേൺ ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യറ്റർ പേര് | ക്ളാസ്സ് ടിക്കറ്റ് നിരക്ക്, നികുതി വിവരം (Balcony-100/- E.T-12.78 First class -80 ET-10.17) | 1.4.2017 ലെ ടിക്കറ്റ് ബണ്ടിൽ ഉപയോഗിച്ചവിവരം(ഒരു ബണ്ടിൽ 100 എണ്ണം) | 30.6.17 ലെ ടിക്കറ്റ് ബണ്ടിൽ ഉപയോഗിക്കാത്തവ | ആകെ ടിക്കറ്റ് ബാക്കി | വിനോദ നികുതി |
|---|---|---|---|---|---|
| ദേവതിയ്യറ്റർ | ബാൽക്കണി | 49(4805-4900) | 50-65(61 മുതൽ 65 വരെ 500 ടിക്കറ്റുകൾ ഡ്യൂപ്ളിക്കേഷൻ) | 2195 | 28052.1 |
| | ഫസ്റ്റ് ക്ളാസ്സ് | 28(2788-2800) | 29-50 | 2212 | 22496.04 |
| ദേവരാഗം തിയ്യറ്റർ | ബാൽക്കണി | 60(5940-6000) | 61-80 | 1060 | 13546.8 |
| | ഫസ്റ്റ് ക്ളാസ്സ് | ഇല്ല | 33-70 | 3800 | 38646 |
| | | | ആകെ | 9267 ടിക്കറ്റുകൾ | 102740.94 |

ഇു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

3.തൻവർഷ തിയ്യറ്ററിലെ കളക്ഷൻ റിപ്പോർട്ടും രജിസ്റ്റർ പ്രകാരവും ഉള്ള കളക്ഷനുകളിലും ടിക്കറ്റുകളിലും അന്തരം

കളക്ഷൻ റിപ്പോർട്ട് പ്രകാരം രണ്ടു തിയ്യറ്ററുകളിൽ നിന്നായുള്ള ടിക്കറ്റ് വിറ്റ വിവരം താഴെ ചേർക്കുന്നു

| തിയ്യറ്റർ പേര് | ക്ളാസ്സ് വിവരം E.T (Balcony-13.70 First class -11.09) | 1.4.2017 ലെ ടിക്കറ്റ് സീരിസ് വിവരം (മുന്നിരിപ്പ്-അവസാനം ) | 30.6.17 ലെ ടിക്കറ്റ് സീരിസ് വിവരം (തൊട്ടടുത്ത സീരിസ്(ആദ്യം-നീക്കിയിരിപ്പ്)) | വ്യത്യാസം(ആകെ ടിക്കറ്റ് വിറ്റത്) | വിനോദ നികുതി |
|---|---|---|---|---|---|
| ദേവതിയ്യറ്റർ | ബാൽക്കണി | 677-10000 | 1-7570 | 16893 | 231434.1 |
| | ഫസ്റ്റ് ക്ളാസ്സ് | 542-10000 | 1-4348 | 13806 | 153108.54 |
| ദേവരാഗം തിയ്യറ്റർ | ബാൽക്കണി | 2222-10000 | 1-5274 | 13052 | 178,812.4 |
| | ഫസ്റ്റ് ക്ളാസ്സ് | 7889-10000 | 1-9763 | 11874 | 131682.66 |
| | | | ആകെ | 55625 ടിക്കറ്റുകൾ | 695037.7 |

വിനോദ നികുതി തിയ്യറ്റർ കളക്ഷൻ റിപ്പോർട്ടു പ്രകാരം 695037.7 രൂപയും രജിസ്റ്റർപ്രകാരം (AFS ലും) 10,32,447 രൂപയും ആണുള്ളത്
സിനിമ ടിക്കറ്റുകൾ തിയ്യറ്റർ കളക്ഷൻ റിപ്പോർട്ടു പ്രകാരം 55625 എണ്ണവും സെസ്സ് അടവു പ്രകാരം 67167 എണ്ണവും ആണു ചെലവാക്കിയതായി കാണുന്നത്.
നികുതി കളക്ഷനുകളിലെയും ടിക്കറ്റുകളുടെയും അന്തരം വ്യക്തമാക്കേണ്ടതാണ്.
യഥാർത്ഥ വിനോദനികുതി വരവിനു ആനുപാതികമായി തിയറ്റർ കളക്ഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.സെസ്സ് അടവാക്കിയിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

4)തിയറ്ററുകളിൽ പരിശോധന നടത്തുന്നില്ല

തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഓഡിറ്റ് വർഷത്തിൽ ഉണ്ടായതായി കാണുന്നില്ല. ഡി.സി.ആറുകളിൽ തിയ്യറ്റർ ടിക്കറ്റ് കൗണ്ടറിൽ വെച്ചുള്ള ടിക്കറ്റ് ചെക്കിംഗ്

രേഖപ്പെടുത്തലുകൾ ഇല്ല. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കുകയോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുകയോ, പഞ്ചായത്തിന്റെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്നത് പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നടപടി ഉണ്ടായിട്ടില്ല.

തിയ്യറ്റർ ഉടമകൾ 31.3.2017 വരെയും 30.6.17 വരെയും സമാഹരിച്ച സെസ്സ് പഞ്ചായത്തിൽ അടവാക്കിയതിനു രജിസ്റ്റർ പ്രകാരം രേഖകളില്ല. സർക്കുലർ നം.327240/RC2/2015/ LSGD തിയതി 23-11-2015 പ്രകാരം സെസ്സ് പിരിവ് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണെന്നും സെസ്സ് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 2-2 തൊഴിൽ നികുതി -എൻക്വയറിയെ തുടർന്ന് അടവാക്കി-മറ്റു അപാകതകൾ

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പഞ്ചായത്തിനു കീഴിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തവരും, പഞ്ചായത്തിൽ നിന്നും ശമ്പളം കൈപറ്റിയവരുമായ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരിൽ നിന്നും 2017-18 ൽ തൊഴിൽനികുതി ഡിമാന്റ് ചെയ്യാതെയും ഡിമാന്റ് ചെയ്തതിൽ കുറവ് ഈടാക്കിയതുമായുള്ള വിവരങ്ങളും അറ്റന്റൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ഓഡിറ്റ് എൻക്വയറി (9/30.1.19) നൽകിയതിനെ തുടർന്ന്, തൊഴിൽ നികുതിയായി 3000/- രൂപ പ്രയർ പിരീഡ് ഇനത്തിൽ അടവാക്കി. വ്യക്തികളുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കിയ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | പേര്, തസ്തിക | ഒന്നാം അർദ്ധ വർഷ വരുമാനം | രണ്ടാം അർദ്ധ വർഷ വരുമാനം | ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി | രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി | ആകെ നികുതി അടവാക്കിയത് |
|---|---|---|---|---|---|---|
| 1 | കിരൺ (ടെക്നിക്കൽ അസിസ്റ്റന്റ്) | 186016 | 126000 | 1250/- (ഡിമാന്റ് ചെയ്തിട്ടില്ല) | 1250/- (ഡിമാന്റ് ചെയ്തിട്ടില്ല) | 2500/- |
| 2 | ഷനിൽ (ഡ്രൈവർ) | 107720 | 102660 | 750 (അടവാക്കി)1000/ആയിരുന്നു അടവാക്കേണ്ടിയിരുന്നത് | 750 (അടവാക്കി)1000/ആയിരുന്നു അടവാക്കേണ്ടിയിരുന്നത് | 500/- |
| | | | | | ആകെ | 3000/- |

<u>അപാകതകൾ</u>

<u>I)സ്ഥാപന ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷ തൊഴിൽനികുതി റിട്ടേണുകൾ കൃത്യമായി പരിപാലിക്കുന്നില്ല.</u>

തൊഴിൽനികുതി(ജീവനക്കാർ) ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം 71 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ച നികുതി അടവാക്കുന്നത്.ഇതിൽ രജിസ്റ്റർ പ്രകാരം 36 സ്ഥാപനത്തിന്റെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.റിട്ടേണുകൾ കൃത്യമായി പരിപാലിക്കാത്തതിനാലും സ്ഥാപന രജിസ്റ്ററിൽ സ്ഥാപന വിവരം വ്യക്തമായി എഴുതാത്തതിനാലും സ്ഥാപന തൊഴിൽ നികുതി(റിട്ടേൺ പ്രകാരമുള്ളതിന്റെ) കൃത്യത പരിശോധിക്കാനായില്ല.റിട്ടേണുകൾ സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്

II)<u>ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല</u>

205(സി) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്.ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും,കമ്പനികളുടെയും ,തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
വ്യാപാരികളെ സംബന്ധിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 320 സ്ഥാപനങ്ങളും,ഡി,&ഒ രജിസ്റ്റർ പ്രകാരം 364 സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം 13 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി കാണുന്നു.ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥപനഉടമയിൽ നിന്നും അദ്ദേഹത്തിന് ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.അത്തരത്തിൽ തൊഴിൽനികുതി(ട്രേഡേഴ്സ്) രജിസ്റ്റർ പ്രകാരം 363 ട്രേഡേഴ്സിനും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്

എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാഹരണമായി എടക്കളത്തൂർ ഫ്യുവൽസ്(വാർഡ് 6/417),കെ.കെ ഫ്യുവൽസ്(വാർഡ് 13), റൊമായി ഇലക്ട്രിക് വെഹിക്കിൾസ് സെയിൽസ്(D&O-311),അനിൽകുമാർ ഹോളോബ്രിക്സ്(വാർഡ് 8/9)എന്നീ സ്ഥാപനങ്ങൾ ഡിആന്റ് ഓ ലൈസൻസിനു സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനങ്ങളിൽ യഥാക്രമം 8,5,5,6 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ

മേൽപ്പറഞ്ഞ സ്ഥാപനഉടമയിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഡി& ഒ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്ററ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് സഞ്ചയ പ്രകാരം പൂർണ്ണമല്ല:ഡി ആന്റ് ഒ ലൈസൻസ് നൽകൽ-പരിശോധന-മറ്റു അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് ട്രേഡേഴ്സ് ലിസ്റ്റ്, D& O രജിസ്റ്ററുകൾ, ഫയലുകൾ, സഞ്ചയ വിവിധ വിഭാഗ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ലിസ്റ്റുകൾഎന്നിവ പരിശോധിച്ചതിൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 18 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല.സഞ്ചയ പ്രകാരം 1312വാണിജ്യ വ്യവസായകെട്ടിടങ്ങളുള്ളതിൽ ഡി & ഒ ഡി സി ബി രജിസ്റ്റർ പ്രകാരം 364 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.എന്നാൽ വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 320.നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ (സഞ്ചയപ്രകാരം)എണ്ണം 1713.

സഞ്ചയ പ്രകാരം -നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കണക്ക്

വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ വിവരം

| | |
|---|---|
| 100m2 താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾ | 1229 |
| 100m2 ന മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾ | 28 |
| വ്യവസായ സ്ഥാപനങ്ങൾ | 53 |
| 200m2 മുകളിൽ വരുന്ന വാണിജ്യ കെട്ടിടങ്ങൾ | 2 |
| ആകെ | 1312 |

മറ്റു സ്ഥാപനങ്ങളുടെ വിവരം

| | |
|---|---|
| നികുതി, ഉപനികുതി ഒഴിവാക്കിയത് | 85 |
| ഓഫീസ് കെട്ടിടങ്ങൾ | 84 |
| അസംബ്ളി /ഓഡിറ്റോറിയം കെട്ടിടങ്ങൾ | 18 |
| മൊബൈൽ ടവർ | 7 |
| ആശുപത്രികൾ | 6(പ്രൈവേറ്റ്) |
| വിദ്യഭ്യാസ കെട്ടിടങ്ങൾ | 4 |
| ആരാധനനാലയങ്ങൾ | 119 |
| ആകെ | 323 |

മേൽ പ്പറഞ്ഞ ആകെ 1635 കെട്ടിടങ്ങളുടെ വിവരം ആണ് സഞ്ചയ ലിസ്റ്റിൽ സേർച്ച് ഒപ്ഷനിൽ ലഭ്യമായത്. ഇതിൽ നികുതി-ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളും പെടുന്നുണ്ട്. എന്നാൽ 1713 കെട്ടിടങ്ങൾ വാർഡ് തിരിച്ചുള്ള നികുതി അടവാക്കുന്ന നോൺറസിഡൻഷ്യൽ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഇത്തരത്തിൽ സഞ്ചയ ലിസ്റ്റിൽ നികുതി അടവാക്കുന്നവയുടെ എണ്ണത്തിൽ അന്തരം വന്നത് വിശദമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം 8/29.1.19)

II)വാർഡ് തിരിച്ചുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല. താഴെ വിശദാംശം ചേർക്കുന്നു

| വാർഡ് | ട്രേഡേഴ്സ് രജിസ്ററർ പ്രകാരം കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരം നികുതി അടക്കുന്ന നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 8 | 52 |
| 2 | 10 | 47 |
| 3 | 4 | 40 |
| 4 | 15 | 71 |
| 5 | 25 | 136 |
| 6 | 17 | 89 |
| 7 | 39 | 167 |

| | | |
|---|---|---|
| 8 | 12 | 85 |
| 9 | 21 | 112 |
| 10 | 7 | 51 |
| 11 | 4 | 46 |
| 12 | 29 | 123 |
| 13 | 21 | 140 |
| 14 | 23 | 143 |
| 15 | 34 | 146 |
| 16 | 30 | 150 |
| 17 | 6 | 26 |
| 18 | 15 | 89 |
| ആകെ | 320 | 1713 |

ട്രേഡേഴ്സ് രജിസ്റ്റർ അപൂർണ്ണമാണ്.വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യതവരുത്തേണ്ടതും ഡി ആന്റ് ഓ ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം ,വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232,233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ളെക്സ് കെട്ടിടങ്ങൾ വാടകക്കരാർ പുതുക്കുന്ന സമയത്തു തന്നെ ഡി ആന്റ് ഓ ലൈസൻസെടുത്ത വിവരം,തൊഴിൽ നികുതി അടവാക്കിയ വിവരം ലഭ്യമാക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഒരു വാടകക്കാരൻ മാത്രമേ അടവാക്കിയിട്ടുള്ളു.

ഡി ആന്റ് ലൈസൻസ് ചട്ടപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം.

2017-18 ൽ മാന്വൽ രസീതു ബുക്ക് പരിശോധനയിൽ ഭക്ഷ്യശാല/ബേക്കറി അനുബന്ധ സ്ഥാപനങ്ങളുടെ ഫീൽഡ് പരിശോധന നടത്തുകയോ വൃത്തിഹീന സാഹചര്യം/സാനിറ്ററി സർട്ടിഫിക്കറ്റ് /D& O ലൈസൻസ് അപര്യാപ്തത എന്നീ വിവിധ കാരണങ്ങളാൽ പിഴ അടവാക്കിയതായോ കാണുകയുണ്ടായില്ല.

അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകളെ സംബന്ധിച്ച്

ഡി ആന്റ് ഓ രജിസ്റ്റർ പ്രകാരം ബാബുരാജ് അറക്കൽ നാരായണൻ എന്ന വ്യക്തിക്കു ഡി ആന്റ് ഓ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ലൈവ് സ്റ്റോക്ക് ചട്ടപ്രകാരമുള്ള ഫാം ലൈസൻസ് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയതായുള്ള വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

എന്നാൽ സാമ്പത്തിക വർഷം പശു, പോത്ത്, ആട് ഫാമുകൾ, പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഫാമുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥൻ, വാർഡ് വിവരം |
|---|---|
| | പശു ഫാം |
| 1 | ബാബുരാജ് അറക്കൽ (വാർഡ് 1) |
| 2 | ചിത്രൻ കണാറ (വാർഡ് 10) |
| 3 | ഷാജി കൊടപ്പുള്ളി(വാർഡ് 6) |
| 4 | സജിൽ കരിപ്പാറ (വാർഡ് 6) |
| 5 | ഹനീഫ പണിക്കശ്ശേരി(വാർഡ് 14) |
| 6 | ഡോ.രാംദാസ് ചേലൂർ(വാർഡ് 15) |

| | ആട്ട, പോത്ത്ഫാമുകൾ |
|---|---|
| 1 | നെൽസൺ അബൂക്കൽ (വാർഡ് 17) |

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യതയുളവാക്കുന്ന പ്രവൃത്തി ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് ചട്ടം 2പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. ചട്ടം 10 അനുവർത്തിക്കേണ്ടതുമാണ്.

അഞ്ചിൽ കൂടുതൽ കന്നുകാലികൾ,20ൽ കൂടുതൽ ആടുകൾ, അഞ്ചിൽ കൂടുതൽ പന്നികൾ, 25 ൽ കൂടുതൽ മുയലുകൾ, 100 ൽ കൂടുതൽ കോഴികൾ, എന്നിവയെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃത പ്രവർത്തനങ്ങളെ കണ്ടെത്താവുന്നതും ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്. (ഓഡിറ്റ് എൻക്വയറി 10/29.1.19) ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതിഒഴിവാക്കി നല്കൽ-അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതിഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 6.3.17, 21.4.17,9.6.17, 5.7.17, 5.8.17, 14.09.17, 5.12.17, 8.1.18 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

| വാർഡ് | സഞ്ചയലിസ്റ്റ്, ഡെമോളിഷൻ രജിസ്റ്റർ (17-18) എന്നിവ പ്രകാരം 2017-18 ൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ എണ്ണം | സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചതു പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണം(കെട്ടിട നമ്പറുകൾ) |
|---|---|---|
| I | 5 | 2(I/237,166) |
| II | 1 | ഇല്ല |
| III | 3 | ഇല്ല |
| IV | 9 | 1(IV/279) |
| V | 8 | 2(V/458) |
| VI | 5 | 3(VI/138,18,186) |
| VII | 11 | 3(VII/590,207,54) |
| VIII | 5 | 3(VIII/18,26,110A(18-19)) |
| IX | 7 | 1(IX/46) |
| X | 2 | 3(X/322,498,387) |
| XI | 6 | 2(XI/42A,374) |
| XII | 15 | (XII/183,454,45,374A) |
| XIII | 6 | ഇല്ല |
| XIV | 9 | 1(XIV/137) |
| XV | 17 | 1(XV/342) |
| XVI | 4 | 2(XVI/228B,24) |
| XVII | 14 | 3(XVII/148,163,352) |
| XVIII | 12 | 2(XVIII/410,കളത്തിപറമ്പില് അബ്ദുള്ളക്കുട്ടി) |
| ആകെ | 139 | 32 |

I) കെട്ടിടനം 1/237, 166, V/458, VI/18, VII/54, X/498, XII/374A, XVI/228B, XVII/163, XVIII/ കളത്തിപറമ്പിൽ അബ്ദുള്ളക്കുട്ടി) എന്നീ കെട്ടിടങ്ങൾ (10 എണ്ണം) മിനിറ്റ്സിലുൾപ്പെടുത്തി അംഗീകരിച്ചതാണെങ്കിലും സഞ്ചയലിസ്റ്റിൽ വന്നിട്ടില്ല.മേൽപ്പട്ടികയിൽ സഞ്ചയലിസ്റ്റിൽ ലഭ്യമാക്കിയിട്ടുള്ളതിൽ എത്ര എണ്ണം വാണിജ്യ,വ്യാവസായിക അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. അപേക്ഷയില്ലാതെ, സാധൂകരണം ലഭിക്കാത്ത 139-22=117കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ട്

II)ഓഡിറ്റിനു ലഭ്യമാക്കിയത് 8/18,9/46,10/322 എന്നീ കെട്ടിടങ്ങൾ സംബന്ധിച്ച അപേക്ഷകൾ മാത്രമാണ്. ബാക്കി ഫയലുകൾ ലഭ്യമാക്കിയിട്ടില്ല.സഞ്ചയയിലുള്ള XII/54 കെട്ടിടത്തിനു പകരം VII/54 കെട്ടിടത്തിന്റെ പൊളിച്ചു നീക്കിയതിന്റെ അംഗീകാരമാണുള്ളത്.അപേക്ഷ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല .

സഞ്ചയയിലുള്ള, സാധൂകരിക്കാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക അടവാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

III) VII/83,84,85 എന്നീ കെട്ടിടങ്ങളുടെ Dishnet wireless) വാടകകുടിശ്ശിക വിവരം ലഭ്യമാക്കിയിട്ടില്ല

മേൽപ്പറഞ്ഞ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (1/24.1.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ്-അപാകതകൾ.

വിമുക്ത ഭടൻമ്മാർക്ക് വസ്തുനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, രജിസ്റ്റർ, സഞ്ചയയിൽ നിന്നുള്ള 2017-18ലെ വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 21.4.17,5.12.17 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

I)രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകൾ-79

മിനിറ്റ്സ് പ്രകാരം ഇളവു നൽകുന്നതിനു തീരുമാനം എടുത്തത്-75

സഞ്ചയയിൽ ചേർത്തത്-67

രജിസ്റ്റർ പ്രകാരമുള്ള എല്ലാ അപേക്ഷകളും സ്റ്റാന്റിംഗ് കമ്മറ്റിയിൽ വെച്ച അംഗീകാരം വാങ്ങാതെയാണ് സഞ്ചയയിൽ ചേർത്തിട്ടുള്ളത്. ആയതിനു വിശദീകരണം നൽകേണ്ടതാണ്. രജിസ്റ്ററിൽ എഴുതിയിട്ടുള്ള ചില കെട്ടിടങ്ങളുടെ വിവരം സഞ്ചയയിലും ഫയലിലും ലഭ്യമല്ല, എന്നാൽ അംഗീകാരംവാങ്ങിയതായി കാണുന്നു. എന്നാൽ അംഗീകാരം വാങ്ങിയ, സഞ്ചയയിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ച അപേക്ഷകൾ എല്ലാം ഫയലിൽ ലഭ്യമല്ല.മേൽ കെട്ടിടങ്ങളുടെ ഫയലുകൾ, നികുതി ഒഴിവാക്കിയവിവരം, അധിക ഏരിയ ഉണ്ടെങ്കിൽ ആയതിനു നികുതി ഈടാക്കിയ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| വാർഡ് | സഞ്ചയലിസ്റ്റ്പ്രകാരം 2017-18 ലെ നികുതി ഇളവു നൽകിയ വിമുക്തഭടന്മാരുടെ കെട്ടിടങ്ങളുടെ വിവരം | വിമുക്തഭടന്മാരുടെ രജിസ്റ്റർ പ്രകാരം 2017-18 ലെ നികുതി ഇളവു നൽകിയ വിമുക്തഭടന്മാരുടെ കെട്ടിടങ്ങളുടെ വിവരം | സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചതു പ്രകാരമുള്ള അപേക്ഷ ഫയലുകൾ ലഭ്യമാക്കിയത് |
|---|---|---|---|
| I | 33A,449(2) | 2,33A,449(3) | 33A,449(2) |
| II | 164,86,183,408(4) | 164,86,183,408(4) | 164,86,223,183,408(5) |
| III | 2,48,372(3) | 2,48,372(3) | 2,48,372(3) |
| IV | 177,250,287,363,375,449(5) | 250,287,363,375,449(5) | 287,375,(2) |
| V | 143,341,218,195,167,474,219(7) | 341,218,195,167,474,219(6) | ഇല്ല |
| VI | 86,14(2) | 86,14(2) | ഇല്ല |
| VII | 245,271,(2) | 245,271,378(3) | 245,271,378(3) |
| VIII | 126(1) | 126(1) | 126(1) |
| IX | 138,222,285,286,297,339(6) | 138,222,285,286,297,339(6) | 138,222,285,286,297,339(6) |
| X | 2,314A(2) | 314A(1) | 314A(1) |
| XI | 71,23,343,444,505,536(6) | 23,343,444,505,536,537(6) | 71,23,343,444,505,536(6) |
| XII | 296,389,507,517(4) | 122,296,389,507,517(5) | 296,389,507,517(4) |
| XIII | 246,311,334,343,44,499(6) | 334,343,417,44,499(5) | ഇല്ല |
| XIV | 220,85,508,505,70,34,572,313,549,114,582 (11) | 85,508,505,70,34,572,313,549,114,582(10) | ഇല്ല |
| XV | കെട്ടിടമില്ല | 229,448A,145(3) | ഇല്ല |
| XVI | 88,404,274,214(4) | 68,274,214(3) | ഇല്ല |
| XVII | കെട്ടിടമില്ല | 130,97,16,444,179(5) | ഇല്ല |
| XVIII | 55,287(2) | 395,55,245,210,407,408,287,160(8) | ഇല്ല |
| ആകെ | 67 | 79 | 31 |

അപേക്ഷകരുടെ സത്യവാങ്ങ്മൂലം ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റി അംഗീകാരം ലഭ്യമാക്കൽ, അധിക ഏരിയയ്ക്കുള്ള നികുതി ചുമത്താനുള്ള നിർദ്ദേശങ്ങൾ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/29.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഫയലുകൾ ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് 106/17 തീ.26.05.17 പാലിക്കപ്പെടേണ്ടതാണ്.

## 2-7 സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.(സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൌണ്ട്സ് അപാകതയായി ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. ).

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തൽ,കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്, കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നത്, സോഫ്റ്റ് വെയറിന്റെ പരിമിതികൾ മുതലായവ സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി.ഇത്തരം അപാകതകൾ മാനുവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നുണ്ട്.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൌച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുമുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ്തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential buiding” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 14,50,267/-രൂപയുടെയും(ശീർഷകം I18-280100101) 4,48,698/-(ശീർഷകം I18-280100104) രൂപയുടെയും ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല. എന്നാൽ പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾ ചേർത്തതുമൂലം വസ്തു നികുതിയിൽ 50816/- രൂപയും വിമുക്ത ഭടൻമാർക്ക് നികുതിഒഴിവാക്കൽ വഴി വസ്തുനികുതിയിൽ 31742/-രൂപയും വേക്കൻസി റമിഷൻ വഴി 12646/-രൂപയും സ.ഉ (എം എസ് നം 358/15 തസ്വ ഭ വ തീ 16/12/15 എന്നിവ പ്രകാരവും ആകെ 269048/-രൂപയും (31.1.19 സഞ്ചയ റിപ്പോർട്ട് പ്രകാരം )ഒഴിവാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

പെർമിറ്റ്/ക്രമവൽക്കരണ രജിസ്റ്റർ, വസ്തുനികുതിയുടെ അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ പ്രകാരം 80 കെട്ടിടങ്ങൾക്ക് ക്രമവൽക്കരണം നടത്തുകയും 236 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ച് 10800 കെട്ടിടങ്ങളെ പ്യൂരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 10800 കെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് അംഗീകരിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നികുതി അരിയർ കുടിശ്ശിക 24147/-രൂപ കൂടിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനത്തിലെ അപാകത

പഞ്ചായത്ത് വാഹനമായ KL08-AN 5163 (Mahindra Bolero) ന്റെ ലോഗ് പരിശോധനയിൽ ഇന്ധന ഉപയോഗം സംബന്ധിച്ച

മാസാന്ത്യ സംക്ഷിപ്തം എഴുതുന്നതിൽ അപാകതയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ഇന്ധനം ഫുൾടാങ്ക് നിറയ്ക്കുന്നതായി കാണുന്നില്ല.വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റി 60 ലിറ്ററാണ് (ഇന്റർനെറ്റിൽ നിന്ന് ലഭ്യമായ വിവരം)

2) മാസാന്ത്യ സംക്ഷിപ്തം എഴുതുമ്പോൾ ഇന്ധന ഉപയോഗം-വാഹനം ഓടിയ കിലോമീറ്റർ എന്നിവയുടെ അനുപാതം ക്രമീകരിക്കുന്നതിന് മൈലേജ് കൂട്ടികാണിക്കുന്നതായിട്ടാണ് കാണുന്നത്. ഉദാഹരണത്തിന് ചിലമാസങ്ങളിലെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| മാസാന്ത്യ സംക്ഷിപ്തം | 3/17 | 4/17 | 5/17 | 6/17 |
|---|---|---|---|---|
| Opening meter reading | 170843 | 172090 | 173120 | 1744.82 |
| Closing meter reading | 172090 | 173120 | 1744.82 | 1758.60 |
| Distance run by the vehicle | 1247 | 1030 | 1362 | 1378 |
| Diesel consumed | 93.42 (49.81+44.11) | 64.83 (51.68+13.15) | 103.08 | 100.93 |
| Mileage of the vehicle | 13.27km/lt | 15.88 | 13.21 | 13.05 |

മേൽ കണക്കുകൾ കാണിക്കുന്നത് വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ടാങ്ക് കാലിയായിരുന്നു എന്നാണ്. മൈലേജ് ഓരോ മാസവും വ്യത്യാസപ്പെട്ടും കാണുന്നു. 19/4/17 ൽ നടത്തിയ മൈലേജ് ടെസ്റ്റ് പ്രകാരം 13.00km/lltr ആണ് fuel efficency.

3)മൈലേജ് പ്രകാരം, വാഹനം ഓടിയ കി.മി മാർച്ച് മാസം1247/13 = ഇന്ധന ഉപഭോഗം 95.9 ലി.ഉം വാങ്ങിയത് 93.2ലി.ഉം ഏപ്രിൽ 1030/13=ഇന്ധന ഉപഭോഗം 79.2ഉം വാങ്ങിയത് 64.83 ഉം ആണ്.ഇതിൽ വാഹനത്തിൽ ഇന്ധനം ശേഷിക്കുന്നതായും ആയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല എന്നാണ് വ്യക്തമാകുന്നത്.

4)വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

ഓരോ മാസത്തെയും റണ്ണിംഗ് കി.മീ, ഇന്ധന ബാക്കി എന്നിവ കണക്കാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. മൈലേജ് ടെസ്റ്റ് സമയത്ത് നടത്തുകയും പിന്നീട് ഓരോ മാസത്തെയും അബ്സ്ട്രാക്ട് മൈലേജ് വ്യത്യാസപ്പെടുത്താതെ എഴുതേണ്ടതുമാണ്.

മേൽ പറഞ്ഞ അപാകതകളിൽ വ്യക്തത വരുത്തി ലോഗ് ബുക്ക് കൃത്യത വരുത്തി ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. വാഹനപരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ 30.6.07 പ്രകാരം ലോഗ്ബുക്ക് പരിപാലിക്കുന്നുണ്ടെന്ന് വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ് .

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി 15/30.01 19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-2 തെരുവ് വിളക്ക് പരിപാലനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1)പ്രോജക്ട് – തെരുവ് വിളക്ക് അറ്റകുറ്റപ്പണി(3/18)

ചെലവ് – 449967/-

2) പ്രോജക്ട് – തെരുവ് വിളക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക(6/18)

ചെലവ് – 494996/-

3)പ്രോജക്ട് – സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും ട്യൂബ് ഫിറ്റ് ചെയ്യലും (158/18)

ചെലവ് – 1349301/-

പഞ്ചായത്ത് തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി 2017-18 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളാണ് മേൽപ്പറഞ്ഞവ. ഈ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഉള്ളതായികാണുന്നു.

1)സിങ്കിൾ ട്യൂബ്, ഡബിൾട്യൂബ്, സി.എഫ്.എൽ, സോഡിയം വേപ്പർലാമ്പ്, എൽ.ഇ.ഡി എന്നീ ഇനത്തിൽപെട്ട തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കാണ് ടെണ്ടർക്ഷണിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 18വാർഡുകളിലും ഉള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം എന്നിവ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലല്ല ടെണ്ടർക്ഷണിച്ചിട്ടുള്ളത്. മെമ്പർമാർ നൽകുന്ന കണക്കിന്റെയും തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്ക ആവശ്യം വന്നിട്ടുള്ള മെറ്റീരിയലിന്റെയും കണക്കുകളെയും അടിസ്ഥാനപ്പെടുത്തിയാണ്. ടെണ്ടർ ക്ഷണിക്കുന്നത്.

2)കരാറുകാരനും വാർഡുമെമ്പർമാരും തരുന്ന സ്റ്റേറ്റ്മെന്റിൽ അറ്റകുറ്റപ്പണിനടത്തി പ്രവർത്തന സജ്ജമാക്കിയെന്ന് മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോമാസവും എത്രഎണ്ണം റിപ്പയർചെയ്തു, പുതുതായി എത്രഎണ്ണം സ്ഥാപിച്ചു എന്നീകണക്കുകൾ വ്യക്തമാക്കുന്നില്ല.ആയതിനാൽ പഞ്ചായത്ത് വാങ്ങി കരാറുകാരന് നൽകുന്ന തെരുവ് വിളക്കുകളുടെ വിനിയോഗത്തിന്റെ കൃത്യത സ്റ്റോക്ക് രജിസ്റ്ററുമായി താരതമ്യം ചെയ്ത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

3)തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ട്യൂബ് ലൈറ്റ് -2123,സോഡിയം വേപ്പർലാമ്പ് -7, എൽ.ഇ.ഡി സെറ്റ് 36w-124, ചോക്ക് -1300, സി.എഫ്.എൽ -240, എൽ.ഇ.ഡി സെറ്റ് 48w-4 കൂടാതെ മറ്റ് അനുബന്ധ ഉപകരണങ്ങളും (wire, sideholderetc) തൻവർഷം കരാറുകാരൻ ഒപ്പിട്ട് വാങ്ങിയിട്ടുണ്ട്. ഇവ ഏതെല്ലാം വാർഡുകളിൽ എത്ര വിനിയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമല്ല.

4)തൻവർഷം തെരുവ് വിളക്കുകൾ സപ്ലൈചെയ്ത ABC marketing എന്ന സ്ഥാപനം കരാറിൽ 12മാസത്തെ ഗ്യാരന്റി ഉറപ്പ് നൽകിയിരുന്നു.ഗ്യാരണ്ടി പീരീഡിൽ ഉൾപ്പെട്ട തെരുവ് വിളക്ക് ഉപകരണങ്ങൾ കേടുവരുന്നത് തിരിച്ച് പഞ്ചായത്തിന് കൈമാറാറുണ്ടെന്നും, ആയത് replace ചെയ്ത് കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.
പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

5)തൻ വർഷം ലൈൻ എക്സ്റ്റൻഷനുവേണ്ടി 1050301/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ(158/18) ഉൾപ്പെടുത്തി 299600/-രൂപയുടെ എൽ ഇ.ഡി ലൈറ്റുകളും വാങ്ങിയിട്ടുണ്ട് {36W (LED) 82 എണ്ണവും, 48W (LED)20 എണ്ണവും}. ഇവ സ്റ്റോക്കിലെടുത്തത് തെരുവു വിളക്കുകളുടെ അറ്റകുറ്റപണിക്കായി വാങ്ങിയ എൽ ഇ.ഡി ലൈറ്റുകളോടൊപ്പമാണ്. ആയതിനാൽ ലൈൻ എക്സ്റ്റൻഷന്റെ ഭാഗമായി എത്ര എണ്ണം വിനിയോഗിച്ചു എന്ന് വ്യക്തമല്ല. ലൈൻ എക്സ്റ്റൻഷൻ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ലൈൻ എക്സ്റ്റെൻഷന്റെ ഭാഗമായി വിനിയോഗിച്ച LED ലൈറ്റുകളുടെ വിനിയോഗ വിവരം പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെട്ടതാണ് തെരുവ് വിളക്ക് പരിപാലനം. ഇത് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തിയതിനാൽ ഉപയോഗത്തിന് ആനുപാതികമായ ചാർജ്ജ് അടവാക്കുന്നതിനാൽ തെരുവ് വിളക്കുകളുടെ എണ്ണം തരം എന്നീ വിവരങ്ങളുടെ ആവശ്യമില്ലയെന്നും വാർഡ് മെമ്പർമാർ നല്കുന്നകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് അറ്റകുറ്റപ്പണികളുടെ തുക നല്കുന്നത്എന്നുമാണ് സെക്രട്ടറി എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിട്ടുള്ളത്.കരാറുകാരനും വാർഡ് മെമ്പർമാരും നൽകുന്നകണക്കുകൾ താരതമ്യംചെയ്താണ് തുക നൽകുന്നത്. ഇവ താരതമ്യംചെയ്യുന്നതിന് പഞ്ചായത്തിന്റെ പക്കൽ കണക്കുകൾ ഇല്ല.പഞ്ചായത്ത് ചെലവഴിക്കുന്നതുകയുടെ കൃത്യതയും സുതാര്യതയും പൊതുജനങ്ങൾക്കും ബോധ്യപ്പെടേണ്ടതുണ്ട്. അതിന് ആശ്രയിക്കാവുന്നരേഖകൾ പഞ്ചായത്ത് അധികാരികൾ തയ്യാറാക്കി ആധികാരികമാക്കേണ്ടതുണ്ട്.
മേൽ അപാകതകൾ പരിഹരിച്ച് പ്രസ്തുത പദ്ധതിയുടെനിർവ്വഹണം കുറ്റമറ്റതാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത്അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-3 കന്നുകുട്ടിപരിപാലനം -പദ്ധതിയിൽ നിന്ന് വിട്ടുപോയ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുക, ഗുണഭോക്തൃവിഹിതം കളക്ട് ചെയ്തതിലും കുറവ് അടവാക്കി

നിർവ്വഹണം -വെറ്ററിനറി സർജൻ

പ്രൊജക്ട് – കന്നുകുട്ടിപരിപാലനം(14/18)

ചെലവ് - 1)ട്രഷറി ബില്ല് നം 3/17-18/15.11.17-₹/-275000/-

2)ട്രഷറി ബില്ല് നം 9/17-18/30.01.18-₹/-225000/-

ഈ പദ്ധതിക്കായി 40 ഗുണഭോക്താക്കൾക്ക് 12,500/- വീതം (സംസ്ഥാനവിഹിതം ഉൾപ്പെടെ) ആകെ 500000/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറിയിട്ടുണ്ട്. താന്ന്യംക്ഷീരസഹകരണസംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.
പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന

ഗുണഭോക്താക്കൾ പട്ടികയിൽ രേഖപ്പെടുത്തിയ മാസങ്ങൾ വരെ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. അതിനുശേഷം വിവിധകാരണങ്ങളാൽപ്രസ്തുതപദ്ധതിയുടെഗുണഭോക്താക്കളായി തുടരുന്നതായി കാണുന്നില്ല. പദ്ധതിയിൽ പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതിപൂർത്തികരണത്തിന്റെ വിശദാംശവും , പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

പദ്ധതിയുടെഗുണഭോക്താക്കളായി തുടരാത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഗുണഭോക്താക്കളുടെപേര് വിവരം | അവസാനം കാലിത്തീറ്റ കൈപ്പറ്റിയ തീയ്യതി | രജിസ്റ്ററിൽ രേഖപ്പെടുത്തിയ കാരണം |
|---|---|---|
| പരമേശ്വരൻ കളത്തുവീട്ടിൽ | 16/10/18 | കന്നുകുട്ടിമരണപ്പെട്ടു |
| ജയദേവൻ തെക്കിനിയേടത്ത് | കാലിത്തീറ്റ വാങ്ങിയിട്ടേയില്ല | കന്നുകുട്ടിമരണപ്പെട്ടു |
| ഗീതഗോപാലൻ കൊല്ലായിൽ | 16/10/18 | വിറ്റു |
| തങ്കം വള്ളോപ്പുള്ളി | 14/9/18 | “ |
| രാജൻ വി.കെ വൈലോപ്പുള്ളി | 16/10/18 | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| നരേന്ദ്രനാഥൻ കുറ്റിക്കാട്ട് | കാലിത്തീറ്റ വാങ്ങിയിട്ടേയില്ല | “ |
| ലൗലി പ്രകാശ് പൊറ്റേക്കാട്ട് | 14/11/18 | “ |

ii)വെറ്ററിനറി സർജന് പഞ്ചായത്തിൻ നിന്ന് നൽകിയ രസീത് ബുക്ക് നമ്പർ 5853 ലെ രസീത് നമ്പർ72 മുതൽ 86 വരെയുള്ള രസീതുകൾ ഉപയോഗിച്ച്27/10/17ൽ കളക്റ്റ് ചെയ്ത തുക 12500/-രൂപയാണ്.അന്നേദിവസം രസീത് നമ്പർ 117150103113/27.10.17 പ്രകാരം പഞ്ചായത്തിൽ അടവാക്കിയ തുക 10000/- ,2500/-രൂപ കുറവാണ് അടവാക്കിയത്.കുറവ് വന്നതുക 30/01/19 ലെ രസീത് നമ്പർ 11815016158പ്രകാരം അടവാക്കി. (എൻക്വയറി നമ്പർ 12 /29.01.2019) .ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും, പഞ്ചായത്തിൽ കളക്ഷൻ അടവാക്കുമ്പോൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരും ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 3-4 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് -പൈപ്പ് ലൈൻ എസ്റ്റൻഷൻ

പ്രോജക്ട് നം. -163/18

ചെലവ് - 294000/-

ബിൽ നമ്പർ -1)37/17-18 dt.20/12/17 ,260000/-

2)53/17-18 dt.13/3/18, 34000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പഞ്ചായത്തിന്റെ 1,2,8,13 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി മേൽപ്രകാരം തുക കേരള വാട്ടർ അതോറിറ്റിയുടെ ഇരിങ്ങാലക്കട ഡിവിഷനിൽ അടവാക്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 294000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 എച്ച്.ഐ.വി ബാധിതർക്ക് സഹായം - ജില്ലാ പഞ്ചായത്ത് നടപ്പിലാക്കേണ്ട പദ്ധതി.

പദ്ധതി നമ്പർ-16/18

പേര്-എച്ച്.ഐ.വി ബാധിതർക്ക് സഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

അടങ്കൽ-15,000

ചെലവ്-10,800

എച്ച് .ഐ.വി ബാധിതർക്ക് മരുന്ന്, യാത്രാചെലവ്

പരിശോധനാ ചെലവ്, മക്കൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നിവക്കായി സഹായം നൽകൽ എന്നിവയാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ( സ.ഉ (എം.എസ്)80/17 തി.3/4/17 ) ഖണ്ഡിക 10-17 പ്രകാരം ടി പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്കാണ് ഏറ്റെടുക്കാവുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ ടി പദ്ധതി ഏറ്റെടുക്കാതിരിക്കുന്നതാണ് കൂടുതൽ അഭികാമ്യമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ജാഗ്രത വേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി -അപാകതകൾ

പദ്ധതി നമ്പർ-127/18

പേര് -വികലാംഗ ക്ഷേമം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

അടങ്കൽ-2,25,000

ചെലവ് -75,000

ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ 75000 രൂപ വീതം വകയിരുത്തിയിട്ടുള്ള ഈ സംയുക്ത പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം മാത്രമാണ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് വന്നിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി.പദ്ധതിയിൽ വികലാംഗർക്കുള്ള വിവിധ ഉപകരണങ്ങൾ വാങ്ങിയ വകയിൽ കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡിന് 1,66,531 രൂപ നൽകിയിട്ടുണ്ടെന്ന് (ഇൻവോയ്സ് നം.088/22.03.18) കണ്ടു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ടി പദ്ധതിക്കായി തുക വകയിരുത്താത്തതിനാൽ വിഹിതം ലഭ്യമായില്ലെന്നും. പഞ്ചായത്ത് വിഹിതം നൽകുന്നതിന് ബിൽ തയ്യാറാക്കിയിരുന്നെങ്കിലും ട്രഷറിയിൽ സമയത്തിന് ബില്ല് സമർപ്പിക്കാൻ സാധിക്കാതെ വന്നതിനാൽ ടി പദ്ധതി സ്പിൽ ഓവർ ആക്കി 2018-19 വർഷത്തിൽ തുക കൈമാറിയിട്ടുള്ളതുമാണെന്ന് അറിയിച്ചിട്ടുണ്ട് .

പതിമൂന്നാം പഞ്ചവൽസര പദ്ധതി ആദ്യ വാർഷിക പദ്ധതി (2017-18)തയ്യാറാക്കൽ മാർഗ്ഗരേഖ ഖണ്ഡിക 6-5ൽ നിഷ്കർഷിക്കുന്ന സംയുക്ത പ്രൊജക്ടുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മാത്രമല്ല സമയബന്ധിതമായി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന് വീഴ്ച സംഭവിച്ചിട്ടുള്ളതായും കാണുന്നു. കൂടാതെ ഈ പദ്ധതിക്കായി വാങ്ങിയ ഉപകരണങ്ങൾ എല്ലാം തന്നെ നാളിതു വരെയായി പൂർണ്ണമായും വിതരണം ചെയ്യപ്പെടാതെയിരിക്കുന്നതായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ടി കാര്യത്തിന് നൽകിയ അന്വേഷണത്തിന് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് തിയ്യതി നിശ്ചയിച്ച് അറിയിപ്പ് നൽകിയിരുന്നെങ്കിലും ചില ഗുണഭോക്താക്കൾ എത്താതെയിരുന്നതിനാൽ വിതരണം ചെയ്യാൻ സാധിച്ചില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. ഉപകരണങ്ങൾ എത്രയും വേഗം വിതരണം ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 KMSCL - മരുന്നുകൾ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ – 18/18
പദ്ധതിയുടെ പേര് – സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
അടങ്കൽ – 440000
ചെലവ് – 440000

പദ്ധതി നമ്പർ – 17/18
പദ്ധതിയുടെ പേര് – പാലിയേറ്റീവ് കെയർ
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
അടങ്കൽ – 90000

ചെലവ് – 90000

മേൽപറഞ്ഞ രണ്ട് പദ്ധതികൾക്കായി പി.ആർ.എഫ് 1512, 4471 തീയതി 24.02.18 പ്രകാരം 90,000/- രൂപ പി.ആർ.എഫ് 2008, 5436 തീയതി 24.03.18 പ്രകാരം 2,00,000/- രൂപ പി.ആർ.എഫ് 4475, 1319 പ്രകാരം 1,50,000/- ആകെ 3,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെയായി മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11 ന് ലഭ്യമാക്കിയ മറുപടി പ്രകാരം KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും, സാധാരണയായി കാലതാമസം വരുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ പോലുള്ള പദ്ധതിയിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. ആവശ്യമായ ഓർമ്മക്കുറിപ്പുകൾ നൽകേണ്ടതും മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

താന്ന്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ അംഗനവാടികൾ | 28 |
| സ്വന്തമായി കെട്ടിടമുള്ളവ | 21 |
| ഷെഡിൽ പ്രവർത്തിക്കുന്നത് | 4 |
| വാടകയിൽ പ്രവർത്തിക്കുന്നത് | 3 |
| സ്കൂളിൽ പ്രവർത്തിക്കുന്നത് | 1 |
| ചുറ്റുമതിലുള്ളത് | 12 |
| കുടിവെള്ള സൗകര്യമുള്ളവ | 12 |
| കിണർ ഉള്ളവ | 3 |
| ടോയ്ലറ്റ് സൗകര്യമുള്ളത് | 23 |
| ഗ്യാസ് കണക്ഷൻ ഉള്ളത് | 28 |
| വൈദ്യുതിയുള്ളത് | 26 |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം പരിശോധിച്ചതിൽ കുടിവെള്ളം, ടോയ്ലറ്റ് സൗകര്യങ്ങൾ എല്ലായിടത്തും ലഭ്യമായിട്ടില്ലെന്ന് കാണുന്നു. അടിയന്തിര പ്രാധാന്യമുള്ള പോരായ്മകൾ പരിഹരിക്കാനുള്ള മുൻഗണനാക്രമം നിശ്ചയിച്ച് അങ്കവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കൃഷി അനുബന്ധ മേഖല -അവലോകനം -സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്

പഞ്ചായത്ത് പ്രദേശത്തെ ഭൂവിനിയോഗം സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ Land use Board ന്റെ സഹായത്തോടുകൂടി തയ്യാറാക്കിയി നീർത്തടമാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലാണെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലെ കണക്കുകൾ പ്രകാരം പഞ്ചായത്തിൽകൃഷി ചെയ്യാൻ യോഗ്യമെങ്കിലും 100ഹെക്ടർ കരഭൂമിയും, 35ഹെക്ടർ നെൽവയലും തരിശായികിടക്കുന്നതായിട്ടാണ് രേഖപ്പെടുത്തയിട്ടുള്ളത്. ജലലഭ്യതക്കുറവാണ് പ്രധാനകാരണം. കണ്ണൻ ചിറ പ്രദേശത്താണ് തരിശു ഭൂമികൂടുതലെന്നും, കണ്ണൻചിറക്കെട്ട് താൽക്കാലികമായി കെട്ടുകയും തുറക്കുകയും ചെയ്യുന്നത് സമയബന്ധിതമല്ലാത്തതിനാൽ ഉപ്പുവെള്ളംകയറുകയും നെൽകൃഷി, കരകൃഷി എന്നിവയ്ക്കുസാധിക്കുന്നില്ല എന്നും പഞ്ചായത്ത് പുതിയ ഒരു പദ്ധതിയ്ക്ക് ഈ വർഷം തുടക്കം കുറിച്ചിട്ടുണ്ടെന്നുംകൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

നെൽകൃഷി വികസനത്തിനായി നെൽവിത്ത് വിതരണം കൂലിചെലവ് എന്നീരണ്ട് പദ്ധതികളാണ് 2013-14 കാലയളവുമുതൽ നടപ്പാക്കികാണുന്നത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി മറ്റ്പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി കാണുന്നില്ല. കരനെൽകൃഷി തരിശുരഹിത നെൽകൃഷി എന്നിവയ്ക്ക് കൃഷിവകുപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിലവിൽ 50 ഹെക്ടറിൽ 100ഹെക്ടറിലേക്ക് നെൽകൃഷി വ്യപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലേക്ക് കൂടുതൽ പേരെ കൊണ്ടുവരുന്നതിനും,കൃഷി ആദായകരമാക്കുന്നതിനും നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. യന്ത്രവത്കൃതകൃഷിരീതിയ്ക്ക് പ്രോത്സാഹനം നൽകുകവഴി കൃഷി ലാഭകരമാക്കുന്നതിന് സാധിക്കുന്നതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ കണക്കുകൾപ്രകാരം കാർഷിക യന്ത്രങ്ങൾ സ്വകാര്യമേഖലയിൽ മാത്രം ലഭ്യമാണ്. അതും അപര്യാപ്തമാണ്. പഞ്ചായത്ത് തലത്തിൽ കാർഷിക യന്ത്രങ്ങൾ വാങ്ങികർഷക കൂട്ടായ്മകൾക്ക് നൽകുക വഴി ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ് എന്നാൽ പഞ്ചായത്ത് നാളിതുവരെ കാർഷിക ഉപകരണങ്ങൾ വാങ്ങികർഷകർക്ക് നൽകുന്ന പദ്ധതികൾ ഒന്നും നടപ്പാക്കികാണുന്നില്ല. നെൽകൃഷിയ്ക്ക് രാസവളം, കീടരോഗനിയന്ത്രണം, കള നിയന്ത്രണം, ജൈവ കൃഷിപ്രോത്സാഹിപ്പിക്കുന്നതിന് ജൈവവളത്തിന്റെ ആവശ്യാനുസരണമുള്ള ലഭ്യത എന്നിവയ്ക്കായി പദ്ധതികൾ നടപ്പാക്കുന്നത് ഉത്പാദനവർദ്ധനവിനും കർഷകർക്ക് ഈ മേഖലയിൽ തുടരുന്നതിന് പ്രയോജനപ്രദവുമാണ്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് (തെങ്ങ്,വാഴ,നെല്ല്,പച്ചക്കറി) ജൈവവളം ലഭ്യമാക്കുന്നതിന് വേണ്ട ജൈവവളക്കൂട്ട് പഞ്ചായത്ത് തലത്തിൽതന്നെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് സ്വയം പര്യാപ്തമാവുക

എന്ന ലക്ഷ്യത്തിനായി പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകരിൽ നിന്നും പച്ചച്ചാണകം സംഭരിച്ച് കമ്പോസ്റ്റ് രൂപത്തിൽ (ഉണക്കിപ്പൊടിച്ച്)വിതരണം ചെയ്യുക എന്ന നിർദ്ദേശം വർക്കിങ്ങ് ഗ്രൂപ്പ് മിനുറ്റ്സിലും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സിലും ഉൾപ്പെടുത്തി കാണുന്നു. വികസന പരിപ്രേഷ്യത്തിൽ (സ്റ്റാറ്റസ് റിപ്പോർട്ട്)ജൈവ വള നിർമ്മാണം നിലവിൽ 10% മാത്രമാണെന്നും 2022 ഓടെ 100% നിർമ്മാണം എന്ന ലക്ഷ്യം കൈവരിക്കണമെന്നും വിഭാവനം ചെയ്തുകാണുന്നു. ഇതിന്റെ ഭാഗമായി 2017-18ൽ 30% ഉല്പാദനം ലക്ഷ്യമിട്ടിരുന്നുവെങ്കിലും പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കികാണുന്നില്ല. നിലവിൽ ഈ പദ്ധതിയുടെ നിർവ്വഹണം ആർക്ക് എന്നത് സംബന്ധിച്ച് തീരുമാനം ആകാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തിലും പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി നടപ്പാക്കുക വഴി ക്ഷീരമേഖലയ്ക്കും കാർഷികമേഖലയ്ക്കും ഒരുപോലെ ഗുണപ്രദമായിരിക്കും .

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷി, നെൽപാടങ്ങളിൽ ചാല്, തോട് എന്നിവ വൃത്തിയാക്കി ജലനിർഗമനം സുഗമമാക്കുക, നെൽവയലുകളിലെ ചണ്ടികളവാഴ എന്നിവ നീക്കം ചെയ്യുക എന്നീ പ്രവർത്തികൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
കൃഷിവകുപ്പിന്റെ പദ്ധതിയിലൂടെ പഴം പച്ചക്കറി വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാർഷിക ഉത്പന്നങ്ങളുടെ വിപണന സാധ്യത പരിമിതമാണെന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തികാണുന്നത്. കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ, പഴം പച്ചക്കറി എന്നിവയുടെ വിപണന സംവിധാനങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടത്തിക്കാണുന്നില്ല.കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്നത് കൃഷികൂടുതൽ ലാഭകരവും ഈ മേഖലയിൽ തുടരുന്നതിനുള്ള പ്രോത്സാഹനവും ആകുന്നതാണ്.
മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2017-18 ലെ ആക്ഷൻ പ്ലാൻ പ്രകാരം 265 പദ്ധതികളാണ് തൻവർഷത്തിൽ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 221 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിണർ റീചാർജ്ജിംഗ്, തരിശുഭൂമി/നിലം കൃഷിക്ക് അനുയോജ്യമാക്കൽ, പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈ വച്ച് പരിപാലിക്കൽ, മണ്ണ്- ജല സംരക്ഷണപ്രവർത്തനങ്ങൾ (മഴക്കുഴി, ജൈവവേലി), കമ്പോസ്റ്റ് പിറ്റ് നിർമ്മാണം,കോൺക്രീറ്റ് റോഡ് നിർമ്മാണം, ടോയ് ലറ്റ്നിർമ്മാണം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ, അംഗൻവാടി നിർമ്മാണം മുതലായ പദ്ധതികളിലൂടെ 2017-18 വർഷത്തിൽ 52516 തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആകെ തൊഴിൽ ലഭ്യമായ 1095 കുടുംബങ്ങളിൽ 124 കുടുംബങ്ങൾ 100 ദിനം പൂർത്തിയാക്കി. 2017-18 ൽ തൊഴിലാളികൾക്ക് വേതനമിനത്തിൽ 14492209 രൂപ ചെലവഴിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റ് വർക്കുകൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി 20/7/17 ൽ ക്വട്ടേഷൻ ആണ് ക്ഷണിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | മെറ്റീരിയൽ കോസ്റ്റ് |
|---|---|---|
| 1 | ചക്കമലാത്ത് റോഡ് കോൺക്രീറ്റ് | 341133 |
| 2 | കിഴപ്പുള്ളിക്കര പാരഡൈസ് -താണക്കുന്ന റോഡ് കോൺക്രീറ്റ് | 245074 |
| 3 | ഇരിപ്പാടം റോഡ് കോൺക്രീറ്റ് | 172545 |
| 4 | പടിഞ്ഞാറെ മന നോർത്ത് ബ്രാഞ്ച് റോഡ് കോൺക്രീറ്റ് | 254703 |
| 5 | കായലോരം റോഡ് കോൺക്രീറ്റ് | 248224 |
| 6 | പൈനൂർ കരീപ്പാടം ചേലൂർ റോഡ് കോൺക്രീറ്റ് | 246005 |
| | ആകെ | 15,07,684 |

15 ലക്ഷത്തിലധികം മെറ്റീരിയൽ കോസ്റ്റ് വരുന്ന മേൽ മെറ്റീരിയൽ പർച്ചേസിന് ഇ-ടെണ്ടർ ക്ഷണിക്കാത്തതിനാൽ കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതായിട്ടുണ്ട്.

മേൽ പ്രവർത്തികളിൻ ചക്കമലാത്ത്, കിഴപ്പുള്ളിക്കര-പാരഡൈസ്, പടിഞ്ഞാറെ മന നോർത്ത് ബ്രാഞ്ച് എന്നീ റോഡ് കോൺക്രീറ്റ് പ്രവർത്തികളാണ് 2017-18 വർഷത്തിൽ നടത്തിയിട്ടുള്ളത്. ഇതിന്റെ കരാറുകാരനായ കെ.കെ ഇസ്മായിൽ, കോടഞ്ചേരി ഹൗസ് എന്നയാൾമൂന്ന് പ്രവർത്തികൾക്കും കൂടി 11,89,545/- രൂപയുടെ സാധനങ്ങൾ സപ്ലൈ ചെയ്തതിന് സമർപ്പിച്ച ബിൽ കരാറുകാരന്റെ പേരിലുള്ളതല്ല. നാട്ടിക എം സാന്റ് പാർക്ക് എന്ന സ്ഥാപനത്തിന്റേതാണ്. ഈ ബില്ലുകൾ ജി.എസ്.ടി/വാറ്റ് രജിസ്ട്രേഷൻ ഉള്ളവയല്ല.

സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നത് ശരിയായ രീതിയിൽ അല്ല

വിവിധ നിർമ്മാണ പ്രവർത്തികൾക്കായി സാധനങ്ങൾ വാങ്ങുമ്പോൾ അവ മൊത്തമായി സ്റ്റോക്കിൽ എടുക്കുന്നുണ്ടെങ്കിലും വിനിയോഗവിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.ഉദാഹരണത്തിന് തൻവർഷം 35 കിണറുകൾ ചാർജ്ജ് (കിണർ റീ ചാർജ്ജ് പദ്ധതിയുടെ ഭാഗമായി) ചെയ്യുന്നതിനായി നവഭാരത് ഏജൻസീസ്, വടക്കാഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്ന് 104079/-രൂപയുടെ

സാധനങ്ങൾ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ തൻവർഷം 20കിണറുകളേ ചാർജ്ജ് ചെയ്തിട്ടുള്ളൂ. ഇതിന്റെ വിനിയോഗ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല. ബാക്കി 15 എണ്ണം ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ മെറ്റീരിയലിന്റെ വിശദാംശം സ്റ്റോക്കിൽ ഇല്ല. ഇവ 18-19 വർഷം വിനിയോഗിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. സ്റ്റോക്ക്, വിനിയോഗം, നീക്കിയിരിപ്പ് എന്നിവ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-11 പരിശോധനക്ക് സഹായകമായ രീതിയിൽ ഫയൽ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം വാർഷിക ഓഡിറ്റ് നടത്തുന്ന പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതോടൊപ്പം നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണൊ ചെലവ് ചെയ്തിട്ടുള്ളതെന്നും ഭരണപരമായ കാര്യക്ഷമത, പഞ്ചായത്തിന്റെ സാമ്പത്തിക അച്ചടക്കം എന്നിവയെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.

താന്ന്യം ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ മേൽ ചട്ടങ്ങളിൽ നിഷ്കർഷിച്ച തരത്തിലുള്ള പരിശോധനകൾ നടത്തുന്നതിന് സഹായകരമായ തരത്തിലല്ല തയ്യാറാക്കിയിരിക്കുന്നതെന്ന് കാണുകയുണ്ടായി. തദ്ദേശഭരണസ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള പി.ഡബ്ലിയു.ഡി.മാനവൽ, പൊതുമരാമത്ത് ചട്ടങ്ങൾ തുടങ്ങിയവയിൽ അനുശാസിക്കുന്ന നിയമ നിഷ്കർഷകൾ പാലിച്ചിരുന്നോ എന്നുള്ള പരിശോധന ഇക്കാരണം കൊണ്ടുതന്നെ അസാധ്യമായി തീർന്നു. ഉദാഹരണത്തിന് ടെണ്ടർ നോട്ടീസ്, ടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ദിനപത്രത്തിന്റെ പകർപ്പ്, ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ കാര്യത്തിൽ tender summary, tender details, bid opening summary മുതലായ രേഖകളൊന്നും ഫയലിൽ ചേർത്തുകാണുന്നില്ല.

ഫയലുകളിൽ ഇത്തരത്തിലുള്ള അപാകതകൾ ഇല്ലാതാക്കാനുള്ള പരിശ്രമത്തിൽ തദ്ദേശഭരണസ്ഥാപനത്തിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 220000 | S 0125/18 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 220000 | 0 |
| | | 200000 | S017/18 പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 100000 | S 0129/18 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 99462 | 538 ROP അടച്ചു |
| | | 325000 | 20/18 അങ്കണവാടി പോഷകാഹാരം | 325000 | 0 |
| | | 325000 | 21/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം | 325000 | 0 |
| | | 130500 | 37/18 വൃദ്ധർക്ക് കട്ടിൽ | 130500 | 0 |
| ആകെ | | 1300500 | | 1299962 | 538 ROP |

| | | | | | |
|---|---|---|---|---|---|
| | | | | | അടച്ചു |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | 46/18 കുടുംബശ്രീ പ്രവർത്തകർക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 50000 | 0 |
| | | 65000 | 49/18 നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 64995 | 5 ROP അടച്ചു |
| | | 140000 | S 0125/18 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 140000 | 0 |
| | | 150000 | S017/18 പാലിയേറ്റീവ് കെയർ | 150000 | 0 |
| | | 325000 | 20/18 അങ്കണവാടി പോഷകാഹാരം | 325000 | 0 |
| | | 325000 | 21/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം | 325000 | 0 |
| | | 75000 | 127/18 വികലാംഗക്ഷേമം | 75000 | 0 |
| | | 600000 | 158/18 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും ട്യൂബ് ഫിറ്റ് ചെയ്യലും | 588927 | 11073 |
| ആകെ | | 1730000 | | 1718922 | 11078ൽ 5രൂപ ROP അടച്ചു |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | S0163/18 പൈപ്പ് ലൈൻ | – | 260000<br>034000 | | 294000 |
| KSEB | എക്സ്റ്റൻഷൻ S0158/18 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും ട്യൂബ് ഫിറ്റ് ചെയ്യലും | – | 385309<br>187200<br>72868<br>340800<br>10964<br>135305<br>205495 | 385309<br>187200<br>72868<br>340800<br>10964<br>135305<br>205495 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 52560 | 52560 | |

അഡ്വാൻസ് രജിസ്റ്റർ പ്രകാരം പൂർണ്ണ വിവരങ്ങൾ വൗച്ചർ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ട്സ് അപാകത ക്രമ നം. 8 ആയി ചേർത്തിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്-

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ്നം/ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷംതിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS വായ്പ തിരിച്ചടവ് | 278/2010/LSGD DT 27.01.2010 | 6663513 | 2291013 | 600000/- | | 1788513/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73717535 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87981954 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,94,000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുകളുടെ പേരും വിവരവും |
|---|---|---|
| 3-4 | 294000 | ശ്രീ.ബെന്നി ഡേവിസി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽഎഫ്.ടി.എസ്.1679/ 18.7.11/ 1.10.11 |
| 1981-82 | എൽ.എഫ്.ടി.13-1880/84/ 7.2.85 |
| 1982-83 | എൽ.എഫ്.ടി.13-1317/87/ 12.8.87 |
| 1983-84 | എൽ.എഫ്.ടി.13-923/88/1.7.88 |
| 1984-85 | എൽ.എഫ്.ടി.13-142/89/ 18.9.89 |
| 1985-86 | എൽ.എഫ്.ടി.13-2144/91/ 23.7.93 |
| 1986-87, 1987-88 | എൽ.എഫ്.ടി.13-1236/93/ 23.7.93 |
| 1988-89, 1989-90 | എൽ.എഫ്.ടി.13-1490/93/ 16.2.94 |
| 1990-91 | എൽ.എഫ്.ടി.13-629/96/8.6.96 |
| 1991-92 | എൽ.എഫ്.ടി.13-1491/93/ 15.2.94 |
| 1992-93, 1993-94 | എൽ.എഫ്.ടി.13-718/97/3.1.97 |
| 1996-97 | എൽ.എഫ്.ടി.13-113/563/ 98/7.10.98 |
| 1997-98 | എൽ.എഫ്.ടി.15-28/98/5.6.99 |
| 1998-99 | എൽ.എഫ്.ടി.15-1624/00/ 14.9.00 |
| 1998-99 | എൽ.എഫ്.ടി.15-1785/01/ 3.9.02 |
| 1999-00 | എൽ.എഫ്.ടി.15-1822/01/ 31.10.02 |
| 2000-01 | എൽ.എഫ്.ടി.15-1748/02/ 4.9.03 |
| 2001-02 | എൽ.എഫ്.ടി.15-1734/03/ 9.6.04 |
| 2001-02 | എൽ.എഫ്.ടി.15-239/04/ 13.9.04 |
| 2002-03 | എൽ.എഫ്.ടി.15-352/06/ 12.3.07 |
| 2003-04 | എൽഎഫ്.ടി.11-2614/08/ 25.5.10 |
| 2004-05 | എൽഎഫ്.ടി.11-64/09/ 25.5.10 |

| | |
|---|---|
| 2005-06 | എൽഎഫ്.ടി.11-29/10/ 29.1.10 |
| 2006-07 | എൽഎഫ്.ടി.11-30/10/ 29.1.11/ 29.6.11 |
| 2007-08 | എൽഎഫ്.ടി.(പി2)685/12/ 13.6.12 |
| 2008-09 | എൽഎഫ്.ടി.(പി2)686/12/ 13.6.12 |
| 2009-10 | എൽഎഫ്.ടി.(പി2)687/12/ 13.6.12 |
| 2011-12 | എൽഎഫ്.ടി.(പി2)-910/13/ 3.12.13 |
| 2012-13 | എൽ.എഫ്.ടി.പി2-848/2014 |
| 2013-14<br>2014-15 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-370/16dt.29.03.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-1940/2016dt.14.11.2016 |
| 2016-17 | കെ.എസ്. എ-ടി.എസ് ആർ(പി2)1404/2017<br>തിയതി:14.09.2017 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ